## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 478 — 29.06.2011 -ൽ മറുപടിക്ക്

### പകർച്ചവ്യാധികൾ തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ.സെൽവരാജ്: | ശ്രീ.അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ വ്യാപകമായി പകർച്ചപ്പനിയും മലേറിയയും പടർന്നു പിടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കഴിഞ്ഞ രണ്ടുമാസമായി ആലപ്പുഴ ജില്ലയിലും കൊല്ലം ജില്ലയുടെ വടക്കു ഭാഗത്തും ജപ്പാൻ ജ്വരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മലമ്പനി തിരുവനന്തപുരം, കാസർഗോഡ് ജില്ലകളുടെ തീരപ്രദേശങ്ങളിലും ചെറിയ തോതിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഡെങ്കിപ്പനിയും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വയറിളക്ക രോഗം പാലക്കാട്, കണ്ണൂർ, വയനാട്, കോഴിക്കോട് ജില്ലകളിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതു തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ? | (ബി) മഴക്കാലരോഗങ്ങൾ പടർന്ന് പിടിക്കാതിരിക്കുവാൻ ആവശ്യമായ മുൻകരുതലുകൾ എടുത്തിട്ടുണ്ട്. മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി സംസ്ഥാന തലത്തിലും ജില്ലാതലങ്ങളിലും പഞ്ചായത്ത് തലങ്ങളിലും വിവിധ വകുപ്പുകളുടെയും ആരോഗ്യ പ്രവർത്തകരുടെയും ജനപ്രതിനിധികളുടെയും സംയുക്ത യോഗം കൂടുകയും ശുചീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്ത് മാലിന്യ നിർമ്മാർജ്ജനം, കൊതുക്, കൂത്താടി, ഉറവിട നശീകരണം, ഓട വൃത്തിയാക്കൽ, ആരോഗ്യ ബോധവൽക്കരണം എന്നിവ എല്ലാ സ്ഥലങ്ങളിലും നടന്നു വരുന്നു. കൂടാതെ ആവശ്യമായ സ്ഥലങ്ങളിൽ ഫോഗിംഗ്, സ്പ്രേയിങ് എന്നിവയും നടത്തി വരുന്നു. ഇതിനോടൊപ്പം രോഗമുള്ളവരെ തുടക്കത്തിലെ കണ്ടുപിടിക്കുന്നതിനും ആവശ്യമായ ചികിത്സ നൽകുന്നതിനും വേണ്ട സംവിധാനങ്ങൾ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ